കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/30/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-1
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 17-01-2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: എടക്കാട് ബ്ലോക്ക് പഞ്ചായത്ത്-2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

--------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/30/2019 തീയ്യതി : 17-01-2019

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 17-5-2017 മുതൽ 20-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 22-10-2018 മുതൽ 30-10-2018 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |

| | | |
|---|---|---|
| | ശ്രീമതി. ഉഷ. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ധന്യ. എം. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം. സി. മോഹനൻ. | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. എം. അനിൽകുമാർ. | 1-4-2017 മുതൽ 31-1-2018 വരെ |
| | ശ്രീമതി. ഷൈല. ആർ, ജോയിന്റ് BDO, (സെക്രട്ടറിയുടെ ചുമതല) | 1-2-2018 മുതൽ 8-2-2018 വരെ |
| | ശ്രീമതി. ശൈലജ. ഇ, എക്സ്റ്റൻഷൻ ഓഫീസർ (വുമൺ വെൽഫെയർ), (സെക്രട്ടറിയുടെ ചുമതല) | 9-2-2018 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. സി. മനോജ് കുമാർ അക്കോട്ടില്ലം | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ദീപ്തി. ആർ. | 1-4-2017 മുതൽ 8-11-2017വരെ |
| | ശ്രീ. നിജേഷ്. സി. | 9-11-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി. സാവിത്രി. എ. | 1-4-2017 മുതൽ 5-10-2017 വരെ |
| | ശ്രീമതി. പത്മം. എം. കെ. | 6-10-2017 മുതൽ 31-3-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അബ്ദുൾ ലത്തീഫ്. | 1-4-2017 മുതൽ 21-7-2017 വരെ |

| | | |
|---|---|---|
| | ശ്രീ. സുനിൽകുമാർ. എം.പി. | 22-7-2017മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ആമിന. പി.ബി. | 1-4-2017 മുതൽ 18-7-2017 വരെ |
| | ശ്രീ. ജയൻ. എം.വി. | 19-7-2017 മുതൽ 21-7-2017 വരെ |
| | ശ്രീമതി. കെ.പി. ബീന. | 22-7-2017മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. കാർത്ത്യായനി. പി.കെ. | 1-4-2017 മുതൽ 3-8-2017 വരെ |
| | ഡോ. സിബി.കെ. വി. | 4-8-2017 മുതൽ 16-8-2017 വരെ |
| | ഡോ. ഷിജി. കെ.ആർ. | 17-8-2017 മുതൽ 20-8-2017 വരെ<br>29-9-2017മുതൽ 31-3-2018 വരെ |
| | ഡോ. ഷൈന. വി.പി. | 21-8-2017 മുതൽ 28-9-2017 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. സുലേഖ. ടി.എസ്. | 1-4-2017 മുതൽ 21-7-2017 വരെ<br>29-8-2017മുതൽ 13-10-2017 വരെ<br>13-11-2017 മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| | ശ്രീമതി. ജമീല. സി. | 22-7-2017മുതൽ 28-8-2017 വരെ |
| | ശ്രീമതി. വിലാസിനി. കക്കോത്ത് | 14-10-2017മുതൽ 12-11-2017 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, അഡീഷണൽ | ശ്രീമതി. ഉഷാവതി ചെറുവൻ | 1-4-2017 മുതൽ 1-8-2017 വരെ |
| | ശ്രീമതി. സുഷമ. കെ. | 2-8-2017 മുതൽ 31-3-2018 വരെ |
| ഇന്റസ്റ്റീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിനോദ് കുമാർ നരിക്കോടൻ | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള<br>കെട്ടിടങ്ങളുടെ വാടക - അപാകതകൾ | 2-1 |
| 12 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത്<br>ഫണ്ടിലേക്ക് ലഭിച്ചില്ല | 2-2 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പനോന്നേരി പകൽ വിശ്രമ കേന്ദ്രം - ശുചീകരണ തൊഴിലാളിക്ക് നൽകിയ ₹12000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 |
| 14 | മഴമറയ്ക്ക് സബ്സിഡി നൽകൽ - സബ്സിഡി മാർഗ്ഗരേഖയിലുള്ളതിനേക്കാൾ അധികം നൽകിയ ₹4,950 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 15 | വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി | 3-3 |

| | | |
|---|---|---|
| 16 | പെരളശ്ശേരി ശ്മശാനത്തിൽ ടൈൽസ് പാകൽ-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തിക്ക് ചെലവഴിച്ച ₹4,44,254 തടസ്സപ്പെടുത്തുന്നു | 3-4 |
| 17 | ഗ്രൂപ്പിനു പശു വിതരണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കിയതിനാൽ ₹16,25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 18 | ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലുള്ള സ്കൂട്ടർ വിതരണം - രേഖകൾ ഹാജരാക്കിയില്ല ₹6,34,500തടസ്സപ്പെടുത്തുന്നു | 3-6 |
| 19 | സി.എച്ച്.സിയിലേക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - ₹374003 തടസ്സപ്പെടുത്തുന്നു | 3-7 |
| 20 | ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഫർണ്ണിച്ചർ വാങ്ങൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹10,03,785 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| 21 | ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ മരുന്ന് വാങ്ങൽ - സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹500000 തടസ്സപ്പെടുത്തുന്നു | 3-9 |
| 22 | സ്വയം സഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത) - രേഖകളുടെ അഭാവത്തിൽ ₹ 2400000 തടസ്സപ്പെടുത്തുന്നു. | 3-10 |

| | | |
|---|---|---|
| 23 | വികലാംഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-11 |
| 24 | പൊതുശ്മശാന പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-12 |
| 25 | വളയിട്ട കൈകളിൽ വളയവും പാലും - മോണിറ്ററിംഗ് റിപ്പോട്ട് ഹാജരാക്കിയിട്ടില്ല. | 3-13 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |

| | | |
|---|---|---|
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 37 | റസീറ്റ് & പെയ്മെമെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-1 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2-2 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 27-3-2017 ലെ 172/16-17-)ഠനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത്₹ | വാർഷിക കണക്ക് പ്രകാരമുള്ളത്₹ | വ്യത്യാസം | | |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | ശതമാനം(+)/(-) |
| മുന്നിരിപ്പ് | 15639000 | 18363461 | 2724461 | - | (+)17.42 |
| വരവ് | 122938000 | 66370240 | - | 56567760 | (-)46.01 |
| ആകെ | 138577000 | 84733701 | - | 53843299 | (-)38.85 |
| ചെലവ് | 122893600 | 71009324 | - | 51884276 | (-)42.22 |
| നീക്കിയിരിപ്പ് | 15683400 | 13724377 | - | 1959023 | (-)12.49 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2017 | 14-6-2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ നമ്പർ, തരം |
|---|---|---|
| 2017-18 | 11-7-2018 മുതൽ 12-7-2018 വരെ | നം. കെ.എസ്.എ/കെ.എൻ.ആർ/സി6/1422/18 തീ. 23.08.2018 വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 18363461 |
| വരവ് | 66370240 |
| ആകെ | 84733701 |
| ചെലവ് | 71009324 |
| നീക്കിയിരിപ്പ് | 13724377 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 42503751 | 42503751 | 37701500 | 4802251 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 9194596 | 9194596 | 8062342 | 1132254 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 75000 | 75000 | - | 75000 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 5271534 | 5271534 | 5271534 | - |
| സാക്ഷരത | | 2115 | 86 | 2201 | - | 2201 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ജില്ലാ പഞ്ചായത്ത് | | 1200000 | - | 1200000 | - | 1200000 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 8849034 | 5746550 | 14595584 | 8095217 | 6500367 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 86 | 85182989 | 75 | 54851033 | 14 | 11 | 70.93 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 25 | 20 | 18359468 | 10587159 | 57.67 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 29 | 24 | 36225064 | 20569186 | 56.78 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 8 | 7 | 6360494 | 5859551 | 92.12 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 2 | 2 | 5182669 | 2657744 | 51.28 |

| | | | | | | |
|---|---|---|---|---|---|---|
| 5 | പടിടകജാതി വികസന ഓഫീസർ | 2 | 2 | 350000 | 350000 | 100 |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 5360000 | 3495000 | 65.21 |
| 7 | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 5200000 | 3400000 | 65.38 |
| 8 | മെഡിക്കൽ ഓഫീസർ CHC | 5 | 5 | 3087918 | 2889732 | 93.58 |
| 9 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 10 | 10 | 5057376 | 5042661 | 99.71 |
| | ആകെ | 86 | 75 | 85182989 | 54851033 | 64.39 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 98371.5 | 662915 | 761286.5 | 757597.5 | 3689 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |
| ആകെ | 98371.5 | 662915 | 761286.5 | 757597.5 | 3689 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-2018 ന് 3.20 pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 7,700 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-02-2015 | 2010-11 മുതൽ 2013-14 വരെ | 22-08-2015 |
| പെർഫോമൻസ് ഓഡിറ്റ് | 27-10-2018 | 2015-16 | 30-04-2018 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. കെട്ടിട വാടകയുടെ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതാത്തതിനാൽ വാടക ഇനത്തിലുള്ള വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക - അപാകതകൾ

1. എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോയ്യോട് മിനി ഇൻഡ്യുസ്ട്രിയൽ എസ്റ്റേറ്റ്, ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, SGSY ഔട്ട് ലെറ്റ് എന്നിവിടങ്ങളിലെ മുറികളാണ് വാടകയ്ക്ക് നൽകാനുള്ളത്. വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്താത്തത് കാരണം മുറികളുടെ എണ്ണം, നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികൾ, വാടകക്കാരകളുടെ വിവരം എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/29-10-2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാടക വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. കോയ്യോട് മിനി ഇൻഡ്യുസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയ നിയമാവലിക്ക് റൂറൽ

ഡവലപ്പ്മെന്റ് കമ്മീഷണറുടെ അംഗീകാരം ലഭിച്ചതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത നിയമാവലി നിലവിലില്ലെങ്കിൽ ആയത് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, SGSY ഔട്ട് ലെറ്റ് എന്നിവിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 2-2 ഇ-ടെണ്ടർ - ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹90,550 ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 7/17-18 ഇരിവേരി CHC കെട്ടിടം പുനരുദ്ധാരണം ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 15000 |
| 2 | 69/17-18 നൃഞ്ഞേരി എസ്.സി.കോളനി പുനരുദ്ധാരണം രണ്ടാം ഘട്ടം കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 10000 |
| 3 | 51/17-18 കരിങ്കല്ലൻ പൊയിൽ ജൂക്കീസ് പാർക്ക് റോഡ് ടാറിംഗ് കടമ്പൂർ ഗ്രാമ പഞ്ചായത്ത് | 5000 |
| 4 | 79/17-18 ഇല്ലം വഴി തങ്കപ്പൻ പുറകുവശം റോഡ് ടാറിംഗ് പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 7500 |
| 5 | 80/17-18പീറ്റക്കണ്ടി ചന്ദ്രൻ വീട് ക്വാർട്ടേർസ് റോഡ് ടാറിംഗ് ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 2500 |

| | | |
|---|---|---|
| 6 | 80/17-18 പീറ്റക്കണ്ടി ചന്ദ്രൻ വീട് ക്വാർട്ടേർസ് റോഡ് ടാറിംഗ്<br>ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 2500 |
| 7 | 11/17-18 ഇരിവേരി ചക്കരക്കല്ല് വി.ഇ.ഒ ഓഫീസിന് രണ്ടാം നില നിർമ്മാണം | 5000 |
| 8 | 82/17-18 ചാല ചക്കരക്കൽ പട്ടണങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ നിർമ്മാണം | 5000 |
| 9 | 10/17-18 എടക്കാട് ബ്ലോക്ക് ഓഫീസ് കെട്ടിടം പുനരുദ്ധാരണം | 5000 |
| 10 | 71/17-18 ഇടവലത്ത് താഴെ പാടശേഖരത്തിൽ വി.സി.ബി നിർമ്മാണം<br>ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 5000 |
| 11 | 72/17-18 നണിയൂർ വയലിൽ രണ്ട് വി.സി.ബി നിർമ്മാണം<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 5000 |
| 12 | 73/17-18 മുണ്ടേരി കൊരഞ്ഞി വയലിൽ മാനാട്ട് ചിറ പാടശേഖരത്തിൽ വി.സി.ബി നിർമ്മാണം മുണ്ടേരി ഗ്രാമ പഞ്ചായത്ത് | 5000 |
| 13 | 52/17-18 കാനച്ചേരികാവ് അമ്പാട്ട് ബണ്ട് റോഡ് ടാറിംഗ് മുണ്ടേര് ഗ്രാമ പഞ്ചായത്ത് | 2800 |
| 14 | 77/17-18 കൊളച്ചേരിപറമ്പ് പഞ്ചായത്ത് കളിസ്ഥലം പാട്ടയം പള്ളി റോഡ് ടാറിംഗ് കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 2800 |
| 15 | 113/17-18 സാമൂഹ്യ പഠന കേന്ദ്രം കെട്ടിട നിർമ്മാണം കോളിൻമൂല കോളനി മുണ്ടേരി ഗ്രാമ പഞ്ചായത്ത് | 5600 |
| 16 | 114/17-18 നാണിയൂർ ലക്ഷം വീട് കോളനി സാസ്കാരിക നിലയം പുനരുദ്ധാരണം കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 5600 |
| 17 | 70/17-18 പാട്ടയം സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ള പദ്ധതി<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 1250 |

| | | |
|---|---|---|
| | ആകെ | 90550 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പനോന്നേരി പകൽ വിശ്രമ കേന്ദ്രം - ശുചീകരണ തൊഴിലാളിക്ക് നൽകിയ ₹12000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പനോന്നേരി പകൽ വിശ്രമ കേന്ദ്രത്തിൽ ശുചീകരണ പ്രവൃത്തികൾ ചെയ്ത വകയിൽ 2016 സപ്തംബർ മുതൽ മാർച്ച് 2017 വരെ 7 മാസത്തേക്ക് കൺവീനറായ ശ്രീ. സി.വി. നാണു മുഖേന ചെക്ക് നമ്പർ 3027129/16-5-2017 പ്രകാരം ₹5250 (750x7) യും 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ 9 മാസത്തേക്ക് കൺവീനറായ ശ്രീ. ബാലകൃഷ്ണൻ മുഖേന ചെക്ക് നമ്പർ 2587485/3-3-2018 പ്രകാരം ₹6750 (750x9) യുമുൾപ്പെടെ ആകെ ₹12,000 ശുചീകരണ പ്രവൃത്തി ചെയ്ത ശ്രീമതി. വിലാസിനിക്ക് നൽകിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച തസ്തികകളിലേക്ക് നിയമനം ലഭിച്ചവർക്ക് മാത്രമാണ് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. പകൽ വിശ്രമ കേന്ദ്രങ്ങളിൽ ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിനു ആളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/30-10-2018) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹12000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 മഴമറയ്ക്ക് സബ്സിഡി നൽകൽ - സബ്സിഡി മാർഗ്ഗരേഖയിലുള്ളതിനേക്കാൾ അധികം നൽകിയ ₹4,950 യുടെചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

പ്രോജക്ട് നമ്പർ : 23/18

പ്രോജക്ടിന്റെ പേര് : സംയോജിത മാതൃക ജൈവ പച്ചക്കറി കൃഷി

വകയിരുത്തിയ തുക : ₹5,00,244 വികസന ഫണ്ട്

: ₹3,000,50 മറ്റ് ഗ്രാമപഞ്ചായത്ത്

: ₹67375 മറ്റുള്ളവ

ആകെ : ₹8,67,669

ചെലവു തുക : ₹300050 ബിൽ നമ്പർ /തീയ്യതി : 6/17-18/23-03-2018

: ₹200194 ബിൽ നമ്പർ / തീയ്യതി : 8/17-18/27-3-2018

ആകെ : ₹500244

സംയോജിത മാതൃക ജൈവ പച്ചക്കറി കൃഷി എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3.7 ഹെക്ടർ തരിശ് ഭൂമിയിൽ മാതൃകാ ജൈവ പച്ചക്കറികൃഷി, 70ച.മീറ്റർ വിസ്തൃതിയിൽ മഴമറ നിർമ്മാണം, ബ്ലോക്ക് പരിധിയിൽ ആഴ്ചചന്ത ആരംഭിച്ച് വിപണന സൗകര്യം ഒരുക്കുക, മുണ്ടേരി, ചെമ്പിലോട്, പെരളശ്ശേരി, കടമ്പൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലായി 35.3 ഹെക്ടർ പച്ചക്കറി കൃഷിക്ക് കൂലിച്ചെലവായി ബ്ലോക്ക് വിഹിതം നൽകൽ എന്നീ പ്രവർത്തനങ്ങളാണ് മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ചുള്ള 03-04-2017 ലെ സ.ഉ(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ, പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം മഴമറയ്ക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക ജനറൽ വിഭാഗത്തിന് ₹30,000 യാണ്. എന്നാൽ ശ്രീ നാണു. കെ എന്ന ഗുണഭോക്താവിന് ₹30,000 അനുവദിക്കുന്നതിനു പകരം ₹34950 അനുവദിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതിൽ അധികരിച്ച നിലയിൽ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ മേൽ വിഷയത്തിൽ ഇത് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 4/24-10-2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച തുക ₹4,950 യുടെ (34950-30,000) ചെലവ് അംഗീകരിക്കുന്നില്ല.

## **3-3** <u>വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി</u>

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മുണ്ടേരി, ചെമ്പിലോട്, പെരളശ്ശേരി, കടമ്പൂർ, കൊളച്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ മാനസികാരോഗ്യത്തിനും സാംസ്കാരിക ഉണർവ്വിനും സഹായകമാകുന്ന യോഗക്ലാസ്സുകൾ, കലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടാണ് മുതിർന്ന പൗരൻമാർക്ക് മാനസിക ആരോഗ്യ സൗഹൃദ സദസ്സുകൾ എന്ന പദ്ധതി. പ്രസ്തുത പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| പ്രോജക്ട് നമ്പർ | 116/18 |
| പ്രോജക്ടിന്റെ പേര് | മുതിർന്ന പൗരൻമാർക്ക് മാനസിക ആരോഗ്യ സൗഹൃദ സദസ്സുകൾ |
| വകയിരുത്തിയ തുക: | ₹12,94,340 വികസന ഫണ്ട് |

| | |
|---|---|
| ബിൽ നമ്പർ/തീയതി /ചെലവ് വന്ന തുക | 5/17-18/16-3-2018/₹8,00,340<br>6/17-18/21-3-2018/₹4,94,000 |
| | ആകെ ₹ 12,94,340 |

പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിലും കമ്മറ്റികൾ രൂപീകരിച്ച് കൺവീനർമാരെ തെരഞ്ഞെടുക്കുയും മേൽ കൊടുത്ത ബിൽ പ്രകാരം പിൻവലിച്ച 800340 രൂപ ബന്ധപ്പെട്ട കൺവീനർമാരുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. താഴെ കൊടുത്ത പ്രകാരം കൺവീനർമാർ ചെലവ് ചെയ്തതിന്റെ വൗച്ചറും പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സദസ്സുകളുടെ വിവരങ്ങൾ | | | ചെലവ് വിവരങ്ങൾ ₹ | | | | |
|---|---|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് തീയതി | സദസ്സുകൾ സംഘടിപ്പിച്ച സ്ഥലം | പങ്കെടുത്തവരുടെ എണ്ണം | ഭക്ഷണ ചെലവ് | നോട്ടീസ്, ബാനർ, ഫോട്ടോ | സ്റ്റേജ്, ലൈറ്റ്& സൗണ്ട് വാടക | ഓണറേറിയം | ആകെ |
| 1 | മുണ്ടേരി<br>5-2-2018 | നെഹർകോളേജ് ഗ്രൗണ്ട് | 900 | 106850 | 3300 | 68200 | 2500x2 =5000 | 183350 |
| 2 | പെരളശ്ശേരി<br>7-2-2018 | പെരളശ്ശേരി ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 900 | 108320 | 3650 | 50350 | 2500x2 =5000 | 167320 |
| 3 | കൊളച്ചേരി<br>8-2-2018 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | 550 | 68180 | 3800 | 60050 | 2500x2 =5000 | 137030 |
| 4 | ചെമ്പിലോട്<br>6-2-2018 | ചെമ്പിലോട് ഹൈസ്കൂൾ ഗ്രൗണ്ട് | 900 | 107270 | 3650 | 60000 | 2500x2 =5000 | 175920 |
| 5 | കടമ്പൂർ<br>4-2-2018 | കാടാച്ചിറ ഹൈസ്കൂൾ ഗ്രൗണ്ട് | 550 | 65310 | 3300 | 63110 | 2500x2 =5000 | 136720 |
| | | ആകെ | 3800 | 455930 | 17700 | 301710 | 25000 | 800340 |

60 വയസ്സുകഴിഞ്ഞ വയോജനങ്ങളുടെ മാനസികോരോഗ്യത്തിനും സാംസ്കാരിക ഉണർവിനും സഹായകമാകാവുന്ന യോഗാ ക്ലാസുകൾ, കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത് "ചിരിയോഗയാണ്". പദ്ധതിയുടെ പ്രചാരാർത്ഥം വിതരണം ചെയ്ത നോട്ടീസിലും "ചിരി യോഗ പരിശീലനം, കലാപരിപാടികൾ" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യോഗപരിശീലനത്തിൽ പങ്കെടുത്ത 3800 വ്യക്തികൾക്കും സിംഗിൾ കോട്ട് കോട്ടൻ ബെഡ്ഷീറ്റുകൾ ടെണ്ടർ നടപടി ക്രമത്തിലൂടെ ഷീറ്റൊന്നിന് ₹130 നിരക്കിൽ ₹4,94,000 യ്ക്ക്

ടെക്സ്റ്റൈൽ സിൻഡിക്കേറ്റ്, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 03-04-2017 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം. 80/2017 /ത.സ്വ.ഭ.വ.,ഖണ്ഡിക 33(6) പ്രകാരം വയോജനങ്ങൾക്ക് ആയുഷുമായിച്ചേർന്ന് യോഗപരിശീലനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ആയുഷുമായി സഹകരിച്ചുകൊണ്ടല്ല ഈ പരിപാടി നടപ്പിലാക്കിയത്. "ചിരി യോഗ" യോഗ ശാസ്ത്രത്തിന്റെ ഒരു അംഗീകൃത ശാഖായോണാ എന്നും ആയത് "ആയുഷ്" വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കാവുന്നതും അല്ല. പദ്ധതി മാർഗ്ഗ രേഖയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന മാർഗ്ഗ നിർദ്ദേശം ഇവിടെ ലംഘിക്കപ്പെട്ടു.

2.ഈ പ്രൊജക്ടിന്റെ ഭാഗമായി പങ്കെടുത്ത 3800 വ്യക്തികൾക്കും സിംഗിൾ കോട്ട് കോട്ടൻ ബെഡ്ഷീറ്റുകൾ നൽകിയത് വ്യക്തിഗത ആനുകൂല്യമായിട്ടാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 12.1 ൽ ബ്ലോക്ക് പഞ്ചായത്തിന് വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യാവുന്ന ഇനങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബെഡ് ഷീറ്റ് പ്രസ്തുത ഇനങ്ങളിൽ പെടുന്നില്ല. ചിരിയോഗ നടത്തുന്നതിന് ബെഡ്ഷീറ്റുകളുടെ ആവശ്യകത എന്തെന്നും യുക്തിസഹമായി വിശദീകരിച്ചിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യം നൽകിയതിനാൽ ബെഡ് ഷീറ്റിന് ചെലവായ ₹4,94,000 നിരാകരിക്കുന്നു.

3.പരിശോധനക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ദിവസം മാത്രമാണ് ചിരിയോഗ പരിശീലനം നടത്തിയിട്ടുള്ളത്. 3.10.2017 തീയതിയിലെ സ.ഉ(സാധാ)നം.3190/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം യോഗപരിശീലനം നടത്തുന്നതിന് പരിശീലകർക്ക് പ്രതിദിനം 400/- രൂപ ക്രമത്തിൽ പ്രതിമാസം പരാമവധി 12000/- രൂപ ഓണറേറിയം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം 5 ദിവസം പരിശീലനം നൽകിയ രണ്ട് വീതം ട്രെയിനർമാർക്ക് നൽകാവുന്ന പരമാവധി ഓണറേറിയം 4000(5x2x400) രൂപ മാത്രമാണ്. എന്നാൽ പദ്ധതി പ്രകാരം ഈ ഇനത്തിൽ 25000 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യമായ മറ്റ് ബിരുദമുള്ളവരേയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യതയുള്ളവരേയോ മാത്രമേ പരിശീലകരായി നിയമിക്കാൻ പാടുള്ളൂ. എന്നാൽ ട്രെയ്നർമാരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഒന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. ഓണറേറിയമായി അധികം നൽകിയ 21000 രൂപ നിരാകരിക്കുന്നു. (25000 – 4000 = 21000)

4. പദ്ധതിയുടെ ഭാഗമായി കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടെങ്കിലും ആയത് സംഘടിപ്പിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5.പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ ഫലപ്രാപ്തി പരിശോധിച്ചത് വ്യക്തമാക്കുന്ന മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നു തന്നെ മോണിറ്ററിംഗ് യഥാവിധി നടന്നിട്ടില്ല എന്ന് വ്യക്തമാണ്.

പ്രൊജക്ടിലെ അപാകങ്ങൾ ചൂണ്ടി കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (7/26-10-2018,19/30-10-2018) ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

12,94,340/- രൂപ ചെലവഴിച്ച് ഏതാനും മണിക്കൂറുകൾ മാത്രം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചതിലൂടെ "വയോജനങ്ങളുടെ മാനസികാരോഗ്യവും സാംസ്കാരിക ഉണർവ്വും" എന്ന പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചതായി പരിശോധനയിൽ ബോധ്യപ്പെടുന്നില്ല. ബെഡ് ഷീറ്റ് വിതരണവും (4.94 ലക്ഷം) ഭക്ഷണവും (4.56 ലക്ഷം) മാത്രമായി പരിപാടി പരിമിതപ്പെട്ടതായാണ് രേഖകൾ വ്യക്തമാക്കുന്നത്. മാത്രവുമല്ല മാർഗ്ഗരേഖയ്ക്ക് തീർത്തും വിരുദ്ധവുമാണ് ഇവ രണ്ടും. പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയ പ്രകാരം കേവലം 1.30 മണിക്കൂർ ദൈർഘ്യമുള്ള ചിരിയോഗ പരിശീലനത്തിന് എന്തിനാണ് ഇത്രയും ഭീമമായ ഭക്ഷണചെലവ് എന്നും വിശദീകരിക്കപ്പെട്ടിട്ടില്ല. ഫണ്ട് ചെലവഴിക്കുന്നതോടൊപ്പം ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുക എന്നതും പ്രധാനമാണ്. പൊതു പണം ചെലവഴിക്കുമ്പോൾ കാണിക്കേണ്ട അവധാനത ഇക്കാര്യത്തിൽ പുലർത്താൻ ബന്ധപ്പെട്ട സമിതികൾക്കും നിർവ്വഹണ ഉദ്യോഗസ്ഥക്കും സാധിച്ചിട്ടില്ല എന്നും പദ്ധതിപ്പണം പരമാവധി ചെലവഴിച്ച് ചെലവ് പെരുപ്പിച്ച് കാണിക്കാനാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് എന്നും ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ചർച്ച ചെയ്ത് പ്രൊജക്റ്റ് നിർദ്ദേശിച്ച വർക്കിംഗ് ഗ്രൂപ്പിനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിക്കും ഭരണ സമിതിക്കും ഇക്കാര്യത്തിൽ ഉത്തരാദിത്വമുണ്ട്. ഇതേ പദ്ധതി തന്നെ 2018-19 വർഷവും ഏറ്റെടുത്തു കാണുന്നു. (പ്രൊജക്ട് നം. 30/18-19 അടങ്കൽ – ₹ 1896750/-)

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും ലക്ഷ്യങ്ങൾ കൈവരിക്കാതെയുമാണ് പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 5,15,000/- രൂപ (4,94,000+21,000) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആവശ്യമായ രേഖകൾ/ വിശദീകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ബാക്കി ചെലവു തുകയായ 7,79,340/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## **3-4** പെരളശ്ശേരി ശ്മശാനത്തിൽ ടൈൽസ് പാകൽ–ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തിക്ക് ചെലവഴിച്ച **₹4,44,254** തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 112/18

പ്രോജക്ടിന്റെ പേര് : പെരളശ്ശേരി ശ്മശാനത്തിൽ ടൈൽസ് പാകൽ

വകയിരുത്തിയ തുക : ₹4,99,000 വികസന ഫണ്ട്

ചെലവ് തുക : ₹4,44,254 ബിൽ നമ്പർ / തീയ്യതി : 35/17-18/26-3-2018

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഗ്യാസ് ശ്മശാനത്തിൽ ടൈൽസ് പാകൽ എന്ന മേൽ പ്രോജക്ട് പ്രകാരം 2017-18 ൽ വർഷം ₹4,44,254 ചെലവഴിച്ചിട്ടുണ്ട്. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കലും അവ സംരക്ഷണവും കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ 15/30-10-2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പെരളശ്ശേരി ശ്മശാനത്തിൽ ടൈൽസ് പാകൽ എന്ന പ്രവൃത്തിക്ക് ചെലവഴിച്ച ₹4,44,254 തടസ്സപ്പെടുത്തുന്നു. ഏത് ഉത്തരവ്/ചട്ടം/ നിയമ പ്രകാരമാണ് ഇത്തരം ചുമതല ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതെന്ന് വ്യക്തമാക്കേണ്ടതാണ്.

## **3-5** <u>ഗ്രൂപ്പിനു പശു വിതരണം - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കിയതിനാൽ **₹16,25,000** യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ

പ്രോജക്ട് നമ്പർ : 44 /18

പ്രോജക്ടിന്റെ പേര് : ഗ്രൂപ്പിനു പശു വിതരണം.

വകയിരുത്തിയ തുക : ₹ 16,25,000 വികസന ഫണ്ട് ജനറൽ

: ₹ 16,25,000 മറ്റുള്ളവ

ആകെ : ₹ 32,50,000

ചെലവ് തുക : ₹13,75,000 ബിൽ നമ്പർ / തീയ്യതി : 6/17-18/23-02-2018

: ₹ 2,50,000 ബിൽ നമ്പർ / തീയ്യതി : 8/17-18/17-03-2018

അകെ : ₹16,25,000

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ളതും ഗ്രാമസഭ അംഗീകരിച്ചതുമായ 5 പേരടങ്ങുന്ന13 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച ഗുണഭോക്തൃ സമിതിയുടെ മേൽ നോട്ടത്തിൽ കറവ പശുക്കളെ വാങ്ങിനൽകുന്നതിനുള്ള പ്രോജക്ടാണിത്. 5 പേരടങ്ങുന്ന 13ഗ്രൂപ്പുകൾക്ക് 5 പശുക്കളെ വാങ്ങുന്നതിനായി 2.5 ലക്ഷം രൂപ വീതം ഓരോ ഗ്രൂപ്പിനും ബാങ്ക് വായ്പ അനുവദിക്കുകയും 1.25ലക്ഷം രൂപ വീതം ഓരോ

ഗ്രൂപ്പിനും ബാക്ക് എൻഡഡ് സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്ത് ബാങ്കിലേക്ക് നൽകുകയുമാണ് ചെയ്തത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച ഗുണഭോക്തൃ സമിതിയുടെ മേൽ നോട്ടത്തിൽ കറവ പശുക്കളെ വാങ്ങുന്നു. പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന 13 ഗ്രൂപ്പുകൾക്ക് സബ്സിഡിയായി ആകെ ₹16,25,000അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പുകളുടെയും വായ്പ അനുവദിച്ച ധനകാര്യ സ്ഥാപനങ്ങളുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സംഘങ്ങളുടെ പേര് | ഗ്രൂപ്പുകളുടെ പേര് |
|---|---|---|
| 1 | മുല്ലക്കൊടി സർവ്വീസ് സഹകരണ ബാങ്ക്. | ക്ഷീര ആക്ടിവിറ്റി ഗ്രൂപ്പ് |
| 2 | കൊളച്ചേരി സർവ്വീസ് സഹകരണ ബാങ്ക്. | ഗസ്സൽ ആക്ടിവിറ്റി ഗ്രൂപ്പ് |
| 3 | ഇരിവേരി സർവ്വീസ് സഹകരണ ബാങ്ക്. | അക്ഷയ ആക്ടിവിറ്റി ഗ്രൂപ്പ്, ഗോവർദ്ധിനി ആക്ടിവിറ്റി ഗ്രൂപ്പ് |
| 4 | പെരളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്. | നന്ദിനി ആക്ടിവിറ്റി ഗ്രൂപ്പ് ക്ഷീരധാര ആക്ടിവിറ്റി ഗ്രൂപ്പ് |
| 5 | എടക്കാട് അഗ്രികൾച്ചറൽ പ്രൊഡ്യൂസർസ്സ് സഹകരണ സംഘം. | കരുണ ആക്ടിവിറ്റി ഗ്രൂപ്പ് |
| 6 | കടമ്പൂർ ലേബർ വെൽഫയർ സഹകരണ സൊസൈറ്റി. | കാമധേനു ആക്ടിവിറ്റി ഗ്രൂപ്പ് |
| 7 | ചൊവ്വ സഹകരണ റൂറൽ ബാങ്ക്. | ഗോപാലിക ആക്ടിവിറ്റി ഗ്രൂപ്പ് |
| 8 | കാനന്നൂർ കണ്ടസ്യൂമർ വെൽഫയർ സൊസൈറ്റി. | ഗോശ്രീ ആക്ടിവിറ്റി ഗ്രൂപ്പ് |
| 9 | കാനച്ചേരി വനിതാ സഹകരണ സംഘം | സുനന്ദിനി ആക്ടിവിറ്റി ഗ്രൂപ്പ്, ഐശ്വര്യ ആക്ടിവിറ്റി ഗ്രൂപ്പ് |
| 10 | മുണ്ടേരി വനിത സഹകരണ സംഘം | ഗോകുലം ആക്ടിവിറ്റി ഗ്രൂപ്പ് |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് 1ാം ഉപവകുപ്പ് നാലാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതകളിൽ വെറ്റിനറി പോളിക്ലിനിക്കുകളും, മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക, മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക, കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക എന്നിവയാണ് ബ്ലോക്ക്

പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടിട്ടില്ലത്. എന്നാൽ ഇതിൽ ഉൾപ്പെടാത്ത പശു വിതരണം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/27-10-2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഏത് ഉത്തരവ് പ്രകാരമാണ് ഇത്തരമൊരു തെറ്റായ നടപടിക്ക് മുതിർന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. ആയതിനാൽ ₹16,25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-6** ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലുള്ള സ്കൂട്ടർ വിതരണം - രേഖകൾ ഹാജരാക്കിയില്ല- ₹6,34,500തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

പ്രോജക്ട് നമ്പർ : 41/18

പ്രോജക്ടിന്റെ പേര് : ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലുള്ള സ്കൂട്ടർ വിതരണം

വകയിരുത്തിയ തുക : ₹14,10,000 വികസന ഫണ്ട് (ജനറൽ)

ചെലവു തുക : ₹14,10,000 ബിൽ നമ്പർ 7/17-18/18-3-2018

ഗുണഭോക്താക്കളുടെ എണ്ണം : 20

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കടമ്പൂർ, പെരളശ്ശേരി, കൊളച്ചേരി, ചെമ്പിലോട്, മുണ്ടേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ശാരീരിക വൈകല്യമുള്ള 20 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ അനുവദിക്കുന്നതിന് വേണ്ടിയുള്ള മേൽ പ്രോജക്ട് പ്രകാരം ഒരു സ്കൂട്ടറിന് ₹70,500 നിരക്കിൽ ₹14,10,000 ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ചുള്ള 03-04-2017 ലെ സ.ഉ(എം.എസ്)നം. 80/2017/ത.സ്വ.ഭ.വ, ഖണ്ഡിക 10.1(എ)6 പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

1. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യമുണ്ടായിരിക്കേണ്ടതാണ്.

2. 40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം.

3. ജനറൽ വിഭാഗം 1 ലക്ഷം രൂപയിലും പട്ടികജാതി വിഭാഗം 2 ലക്ഷം രൂപയിലും താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബത്തിലെ അംഗമാവണം.

4. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്.

5. ഗ്രാമസഭ /വാർഡ്സഭ അംഗീകരിച്ച ആളാവണം.

ഈ പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | പരിശോധനയ്ക്ക് ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ഇബ്രാഹിംകുട്ടി എം | കൊളച്ചേരി | 40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം |
| 2 | പി. കെ. രവീന്ദ്രൻ | ചെമ്പിലോട് | വികലാംഗ സാക്ഷ്യപത്രം, 40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം |
| 3 | അനുപമ നളിൻ | കടമ്പൂർ | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ |
| 4 | ജയശീലൻ. എ. | കടമ്പൂർ | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ |
| 5 | മാനസ്. പി. | കടമ്പൂർ | ഗ്രാമ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 6 | അനിൽകുമാർ. എ. | കടമ്പൂർ | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ |
| 7 | മോഹനൻ. പി. പി. | കടമ്പൂർ | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/26.10.18) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ എത്രയും പെട്ടെന്ന് ഹാജരാക്കുന്നതാണെന്നും ഗ്രാമ സഭയിൽ ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 7 ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ച ₹4,93,500 തടസ്സപ്പെടുത്തുന്നു. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ശ്രീ. മാനസ് പി. എന്ന ഗുണഭോക്താവിന് സ്കൂട്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് ലഭ്യമാക്കിയ മറുപടിയിൽ മാനസിന് പകരം അർഹതയുള്ള ഗുണഭോക്താവായ ശ്രീ. സത്യപാലൻ, കിഴക്കെ വളപ്പിൽ എന്നയാൾക്കാണ് സ്കൂട്ടർ വിതരണം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടിയിൽ ഹാജരാക്കിയ

ടിയാനെ അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും (28-06-2018 ലെ 186/18(1)നം. തീരുമാനം) 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തിഗത ആനുകൂല്യ പ്രൊജക്ടിനുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടതായാണ് വ്യക്തമാകുന്നത്. കൂടാതെ മറുപടിയിൽ പരാമർശിച്ച 08.03.2018 തീയതിയിലെ 5/36(1) 18 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലും മേൽ വ്യക്തി ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ മറുപടി തൃപ്തികരമല്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 <u>സി.എച്ച്.സിയിലേക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല -₹374003 തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

പ്രോജക്ട് നമ്പർ : 4/18

പ്രോജക്ടിന്റെ പേര് : സി.എച്ച്.സിയിലേക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങൽ

വകയിരുത്തിയ തുക : ₹374003 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹279003 ബിൽ നമ്പർ / തീയ്യതി : 12/17-18/31-1-2018

: ₹95000 ബിൽ നമ്പർ / തീയ്യതി : 9/17-18/30-11-2017

ആകെ : ₹374003

എടക്കാട് ബ്ലോക്ക് പരിധിയിലുള്ള ഇരിവേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങുന്നതിന് മേൽ പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് ₹2,79,003 യും മെഡിക്കൽ ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങുന്നതിന് ₹95,000 യുമടക്കം ആകെ ₹3,74,003 ചെലവഴിച്ചിട്ടുണ്ട്. ₹2,79,003 യുടെ ഫർണ്ണിച്ചറുകൾ കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും ₹51,397 യുടെ മെഡിക്കൽ ഉപകരണങ്ങൾ ABC Diagnostics ൽ നിന്നും ₹43603 യുടെ ലാബ് റിയേജന്റ് LEADS Chemicals ൽ നിന്നും വാങ്ങുന്നതിന് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. റബ്കോയിൽ നിന്നും വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും മെഡിക്കൽ ഉപകരണങ്ങളും ലാബ് റിയേജന്റും വാങ്ങിയതിന്റെ ട്രഷറി ബില്ലടക്കമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫർണ്ണിച്ചർ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് റിയേജന്റ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹3,74,003 തടസ്സപ്പെടുത്തുന്നു.

## 3-8 ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഫർണ്ണിച്ചർ വാങ്ങൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹10,03,785 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

പ്രോജക്റ്റ് നമ്പർ : 131/18

പ്രോജക്റ്റിന്റെ പേര് : ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഫർണ്ണിച്ചർ വാങ്ങൽ

വകയിരുത്തിയ തുക : ₹10,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

: ₹6,275 തനത് ഫണ്ട്

ആകെ : ₹10,06,275

ചെലവു തുക : ₹10,00,000 ബിൽ നമ്പർ / തീയ്യതി : 14/17-18/23-03-2018

: ₹3,785 ചെക്ക് നമ്പർ / തീയ്യതി : 2501023/31-3-2018

ആകെ : ₹10,03,785

എടക്കാട് ബ്ലോക്ക് പരിധിയിലുള്ള ഇരിവേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് റബ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുന്നതിന് വേണ്ടിയാണ് ₹1003785 ചെലവഴിച്ചത്. ₹1003785 യ്ക്ക് 239 കസേരകളും 15 ഷെൽഫുകളും വാങ്ങിയിട്ടുണ്ട്. ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ വിവരവും പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1003785 തടസ്സപ്പെടുത്തുന്നു. ഒരു സി.എച്ച്. സിയിൽ ഇത്രയധികം കസേരകൾ വാങ്ങേണ്ടുന്ന ആവശ്യം എന്താണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് വിശദീകരിക്കാനായിട്ടില്ല. ഇത് സി.എച്ച്.സിയുടെ താല്പര്യപ്രകാരമാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

## 3-9 ഇരിവേരി സാമൂഹികാരോഗ്യകേന്ദ്രത്തിൽ മരുന്ന് വാങ്ങൽ - സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല- ₹500000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

പ്രോജക്റ്റ് നമ്പർ : 1/18

പ്രോജക്റ്റിന്റെ പേര് : സി.എച്ച്.സി ഇരിവേരിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹5,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹5,00,000 ബിൽ നമ്പർ / തീയ്യതി : 6/17-18/14-11-2017

എടക്കാട് ബ്ലോക്ക് പരിധിയിലുള്ള ഇരിവേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക്

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇൻവേയിസ് നമ്പർ PRF 1608 തീയതി 24.10.2017 പ്രകാരം ₹5,00,000 രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്.മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരവും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹500000 തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 സ്വയം സഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിന് ധനസഹായം (വനിത) - രേഖകളുടെ അഭാവത്തിൽ ₹ 2400000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 46/18

പ്രോജക്ടിന്റെ പേര് : സ്വയം സഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിനു ധനസഹായം (വനിത)

വകയിരുത്തിയ തുക : ₹2400000 വികസന ഫണ്ട്

: ₹800000 മറ്റുള്ളവ

ആകെ : ₹3200000

ചെലവു തുക : ₹ 300000 ബിൽ നമ്പർ / തീയ്യതി : 2/17-18/12-10-2017

: ₹900000 ബിൽ നമ്പർ / തീയ്യതി : 3/17-18/8-1-2018

: ₹ 300000 ബിൽ നമ്പർ / തീയ്യതി : 5/17-18/18-1-2018

: ₹ 600000 ബിൽ നമ്പർ / തീയ്യതി : 7/17-18/14-3-2018

: ₹300000 ബിൽ നമ്പർ / തീയ്യതി : 8/17-18/22-3-2018

ആകെ : ₹2400000

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് ആസ്തികൾ വാങ്ങുന്നതിനു ധനസഹായം നൽകുന്നതിനനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതിനായി ഗ്രേഡ് ചെയ്ത് അർഹത തെളിയിച്ച 8 വനിത ഗ്രൂപ്പുകൾക്ക് ആസ്തികൾ വാങ്ങുന്നതിനു 32 ലക്ഷം രൂപയിൽ 24 ലക്ഷം സബ്സിഡി ആയി അതാത് ബാങ്കുകൾക്ക് വ്യവസായ വികസന ഓഫീസർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 12 പേർ അടങ്ങിയ അക്കിച്ചാൽ വനിത സ്വയം സഹായ സംഘത്തിന് പലഹാരം നിർമ്മിച്ച് വിൽപ്പന നടത്തലിനും ഭാഗ്യശ്രീ വനിത സ്വയം സഹായ സംഘം, ചൈതന്യ കുടുംബശ്രീ എന്നീ സ്വയം സഹായ സംഘത്തിന് ഹോട്ടൽ & കൂൾബാർ നടത്തുന്നതിനും നവോദയ വനിത

സ്വയം സഹായ സംഘം, കൈരളി വനിത സ്വയം സഹായ സംഘം എന്നവയ്ക്ക് തയ്യൽ യൂണിറ്റ് തുടങ്ങുന്നതിനും സംഘധാര വനിത സ്വയം സഹായ സംഘത്തിന് മ്യൂസിക്കൽ ബേന്റ് തുടങ്ങുന്നതിനും സ്ത്രീ ശക്തി വനിത സ്വയം സഹായ സംഘത്തിന് സംഘത്തിനു ഡ്രൈവിംഗ് സ്കൂൾ തുടങ്ങുന്നതിനും പ്രബുദ്ധ കുടുംബശ്രീ സ്വയം സഹായ സംഘത്തിന് ഫ്ലോർ മിൽ തുടങ്ങുന്നതിനും വേണ്ടിയാണ് ₹24,00,000 അനുവദിച്ചിട്ടുള്ളത്. ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള സംഘങ്ങൾക്ക് തന്നെയാണോ ധനസഹായം അനുവദിച്ചത് എന്ന് പരിശോധിക്കുന്നതിനായി ആവശ്യപ്പെട്ടപ്പോൾ കൈരളി സ്വയം സഹായ സംഘം, മിടാവിലോട്, സംഘധാര സ്വയം സഹായ സംഘം, ചക്കരക്കൽ, പ്രബുദ്ധ കുടുംബശ്രീ സ്വയം സഹായ സംഘം, പെരളശ്ശേരി, ചൈതന്യ കുടുംബശ്രീ സ്വയം സഹായ സംഘം എന്നീ സംഘങ്ങളുടെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. സംഘങ്ങൾ വയബിൾ യൂണിറ്റാണോ എന്നും ബാങ്കിൽ നിന്നും വായ്പാ തുക സബ്സിഡിയടക്കം പിൻവലിച്ചോ എന്നും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. വായ്പതുക, സബ്സിഡി തുക എന്നിവ ബന്ധപ്പെട്ട ഗ്രൂപ്പുകൾക്ക് ലഭിച്ചത് സംബന്ധിച്ച് പരിശോധിക്കുന്നതിനു ബാങ്കുകളുടെ പാസ്സ് ബുക്കും സ്വയം സഹായ സംഘങ്ങൾ ആസ്തികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിനു സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും ആയവ ഹാജരാക്കിയിട്ടില്ല.

3. സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ എല്ലാ ഗ്രൂപ്പുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അതിൽ കടമ്പൂർ പഞ്ചായത്തിലെ സ്ത്രീ ശക്തി സ്വയം സഹായ സംഘത്തിനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാത്തതിനാൽ ഡ്രൈവിങ് സ്കൂൾ തുടങ്ങാൻ ട്രാൻസ്പോർട്ട് വകുപ്പിൽ നിന്നും അനുമതി ലഭിച്ചില്ലായെന്നും ഇപ്പോൾ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുള്ളതിനാൽ ട്രാൻസ്പോർട്ട് വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.
4. പദ്ധതികൾക്ക് രൂപം കൊടുക്കുന്ന വർക്കിംഗ് ഗ്രൂപ്പായ (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ) മിനുട്സിൽ പ്രസ്തുത പദ്ധതികളെ കുറിച്ച് ചർച്ച നടത്തിയതിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. 4-07-2016ന് ചേർന്ന വർക്കിങ് ഗ്രൂപ്പ് യോഗത്തിനു ശേഷം 3-01-2018 ന ചേർന്ന വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെ വിവരങ്ങൾ മാത്രമാണ് മിനുട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വിഷയം ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ പ്പെടുത്തുന്നു.

പദ്ധതികൾ രൂപീകരിക്കുന്നതിനു മുമ്പ് സാങ്കേതിക വശങ്ങൾ പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിരുന്നു. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ പരിഹരിക്കുന്നതിനു നിർദ്ദേശിച്ചിട്ടും വീണ്ടും അതേ അപാകങ്ങൾ ആവർത്തിക്കുന്നതായാണ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്.

2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3-6 ന് സമർപ്പിച്ച മറുപടിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. കേന്ദ്രീകൃത രീതിയിൽ വാറ്റ് രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ നിർദ്ദേശിക്കേണ്ടതും അപ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി അനുവദിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹24,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 വികലാംഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ

പ്രോജക്ട് നമ്പർ : 36/18

പ്രോജക്ടിന്റെ പേര് : വികലാംഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

വകയിരുത്തിയ തുക : ₹5,45,475 വികസന ഫണ്ട് (ജനറൽ)

ചെലവ് തുക : ₹1,50,000 ബിൽ നമ്പർ 1/17-18/28-11-2017

: ₹3,95.475 ബിൽ നമ്പർ 2/17-18/ 14-12-2017

ആകെ : ₹5,45,475

എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കടമ്പൂർ, പെരളശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് വികലാംഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് പ്രകാരം കടമ്പൂർ ഗ്രാമ പഞ്ചായത്തിന് ₹1,87,500 യും പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന് ₹3,57,975 യും ചെലവഴിച്ചത്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-12 പൊതുശ്മശാന പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 29 /18

പ്രോജക്ടിന്റെ പേര് : പൊതുശ്മശാന പദ്ധതിക്ക് വിഹിതം നൽകൽ

വകയിരുത്തിയ തുക : ₹22,12,400 വികസന ഫണ്ട് ജനറൽ

ചെലവ് തുക : ₹22,12,400 ബിൽ നമ്പർ / തീയ്യതി : 30/17-18/22-01-2018

പൊതുശ്മശാന പദ്ധതിക്ക് വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം സ്ഥാപിക്കുന്നതിനു ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ

₹22,12,400 കടമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 799011400002618 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കടമ്പൂർ ഗ്രാമപഞ്ചായത്തിന് നൽകിയ തുക വിനിയോഗിച്ചതിന്റെയോ പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 30-10-2018 ന നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.17/30-10-2018) നൽകിയ തുക നാളിതുവരെയായി വിനിയോഗിച്ചിട്ടില്ലെന്നും തുക വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് കടമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയത്. പൊതുശ്മശാന പദ്ധതിക്ക് നൽകിയ തുക വിനിയോഗിക്കാത്തപക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരക്കേണ്ടതാണ്.

## 3-13 വളയിട്ട കൈകളിൽ വളയവും പാലും - മോണിറ്ററിംഗ് റിപ്പോട്ട് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ

പ്രോജക്ട് നമ്പർ : 45 /18

പ്രോജക്ടിന്റെ പേര് : വളയിട്ട കൈകളിൽ വളയവും പാലും

വകയിരുത്തിയ തുക : ₹ 5,70,000 വികസന ഫണ്ട് ജനറൽ

: ₹ 2,40,000 മറ്റുള്ളവ

ആകെ : ₹ 8,10,000

ചെലവു തുക : ₹5,70,000 ബിൽ നമ്പർ / തീയ്യതി : 7/17-18/23-02-2018

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള തെരഞ്ഞെടുക്കപ്പെട്ട 6 ക്ഷീരസംഘങ്ങൾക്ക് മൊബൈൽ മിൽക്കിംഗ് യൂണിറ്റ് നൽകുന്നതിനുള്ള പ്രോജക്ടാണിത്. 6 ക്ഷീരസംഘങ്ങളിലെ വനിതകൾക്ക് പാൽ സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും ഉതകുന്ന തരത്തിലുള്ള ഇരുചക്ര വാഹനം, പാൽ ക്യാൻ, പരിശോധനാ ഉപകരണങ്ങൾ, അളവ് പാത്രം എന്നിവ വാങ്ങുന്നതിനാണ് ₹1,35,000 വീതം ആകെ ₹8,10,000 പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹95000 യും തെരഞ്ഞെടുത്ത ക്ഷീര സംഘം വഹിക്കേണ്ട തുക ₹40000യുമാണ്. പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന 6 ക്ഷീരസംഘങ്ങളിലെ വനിതകൾക്ക് ₹95000/- വീതം സബ്സിഡിയായി ആകെ ₹5,70,000 അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം പൊതുവായതും, മേഖലാടിസ്ഥാനത്തിലുമുള്ള ചുമതലകളിൽപ്പെട്ടതല്ല. നൂതന പദ്ധതിയായിട്ടാണ് നടപ്പാക്കിയത്. ഈ പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ക്ഷീരസംഘങ്ങളുടെ പേര് |
| --- | --- |

| | |
|---|---|
| 1 | കൊളച്ചേരി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം, നം.സി.61(ഡി), പി.ഒ - കൊളച്ചേരി, കണ്ണൂർ |
| 2 | പെരളശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം,നം.സി.30(ഡി), പി.ഒ – മുണ്ടലൂർ, പെരളശ്ശേരി, കണ്ണൂർ |
| 3 | മുണ്ടേരി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം,നം.സി.55(ഡി), പി.ഒ - ഏച്ചൂർ, കണ്ണൂർ |
| 4 | കാഞ്ഞിരോട് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം,നം.സി.113(ഡി), പി.ഒ - കാഞ്ഞിരോട്, കണ്ണൂർ |
| 5 | വെള്ളച്ചാൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം,നം.സി.94(ഡി), പി.ഒ - മക്രേരി, കണ്ണൂർ |
| 6 | ആഡൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം,നം.സി.68(ഡി), പി.ഒ - കാടാച്ചിറ, കണ്ണൂർ |

പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്ഷീര സംഘങ്ങളിലെ വനിതകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളും, ഇരുചക്ര വാഹനത്തിന് സൈഡ് വീൽ ഘടിപ്പിക്കുന്നതിന വേണ്ടി കണ്ണൂർ റീജ്യണൽ ട്രാൻസ്പോർട്ട് വകുപ്പിൽ നിന്നും അനുമതി സാക്ഷ്യപത്രം ലഭിച്ചിരുന്നോ എന്നതു സംബന്ധിച്ച വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 51/24.10.18) ഡ്രൈവിംഗ് ലൈസൻസുള്ള വനിതകളെയാണ് തെരഞ്ഞെടുത്തതെന്നും വനിതകൾ ഗുണഭോക്താക്കളായതിനാലാണ് ടൂവീലറിന സൈഡ് വീൽ ഘടിപ്പിക്കാൻ തീരുമാനിച്ചതെന്നും എന്നാൽ ട്രാൻസ്പ്പോർട്ട് വകുപ്പിനെ സമീപിച്ചപ്പോൾ വികലാംഗർക്കുള്ള വാഹനത്തിന മാത്രമെ അനുവദിക്കാൻ സാധിക്കുകയുള്ളു എന്ന മറുപടിയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ വിഭാവനം ചെയ്തത് പോലെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടിയിൽ വിശദമാക്കിയത്. പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ | വിഹിതം നൽകിയ | ലഭിച്ച | പദ്ധതിയുടെ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| നമ്പർ | സ്ഥാപനം | തുക | നമ്പർ / പേര് | തുക | |
|---|---|---|---|---|---|
| 1 | പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 575000 | 123/18 പെരളശ്ശേരി LPG ശ്മശാനത്തിൽ ജനറേറ്റർ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ | ഇല്ല | 575000 |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 560000 | 2/18 2016-17 PMAY ഭവന നിർമ്മാണം (ജനറൽ) | ഇല്ല | 560000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 4-12 | 1999-00 | 30 | ലേബർ കോൺട്രാക്റ്റ് സൊസൈറ്റി വിജയിച്ചില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 6,63,70,240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 7,10,09,324 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 519950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 7772882 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ്ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-2 | - | 4950 | ശ്രീമതി. പത്മം. എം. കെ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-3 | - | 515000 | ശ്രീമതി സുഷമ കെ., ചൈൽഡ് ഡവ. പ്രൊജക്ട് ഓഫീസർ |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | 12,000 | ശ്രീ. എം. അനിൽകുമാർ, സെക്രട്ടറി ₹5250<br>ശ്രീമതി. ശൈലജ. ഇ. സെക്രട്ടറി ₹ 6750 |

| | | |
|---|---|---|
| 3-3 | 7,79,340 | ശ്രീമതി. സുലേഖ. ടി.എസ്, ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| 3-4 | 4,44,254 | ശ്രീ. നിജേഷ്. സി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | 16,25,000 | ശ്രീമതി. കെ.പി. ബീന, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | 6,34,500 | ശ്രീമതി. സുലേഖ. ടി.എസ്, ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
| 3-7 | 3,74,003 | ഡോ. ഷിജി. കെ.ആർ., മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-8 | 10,03,785 | ഡോ. ഷിജി. കെ.ആർ, മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-9 | 5,00,000 | ഡോ. ഷിജി. കെ.ആർ, മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-10 | 24,00,000 | ശ്രീ. വിനോദ് കുമാർ നരിക്കോടൻ, ഇൻന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 77,72,882 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | നഷ്ടത്തിനുത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി പത്മം എം.കെ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | സുകൃതി<br>കോട്ടയം മലബാർ പി.ഒ, കണ്ണൂർ 670643 |
| 2 | ശ്രീമതി സുഷമ കെ. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, ഈരാറ്റുപേട്ട, കോട്ടയം ജില്ല | പുത്തൻ പുരയിൽ<br>പട്ടൻ തുരുത്ത് പി.ഒ<br>പെരിനാട് വഴി<br>കോട്ടയം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 6 |
| 1999-00 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 1 |
| 2002-03 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 1 |
| 2005-06 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2006-07 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 | 3 |

| | | |
|---|---|---|
| | /2018തീ. 11-4-2018 | |
| 2007-08 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2008-09 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 15 |
| 2009-10 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 15 |
| 2010-11, 2011-12 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 22 |
| 2012-13,2013-14, 2014-15 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 3 |
| 2015-16 | എൽ.എഫ് /കെ.എൻ.ആർ/സി.6/52 /2018തീ. 11-4-2018 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.6/1969/2017 തീ.22-12-2017 | 8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി.6/30/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തിയതി: 17-01-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF EDAKKAD BLOCK PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No. | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 18363461<br>0 |
| | Receipts | | |
| Operating | | | |
| 130000000 | Rental Income from Panchayat Properties | RP-3 | 5200 |
| 140000000 | Fees & User Charges | RP-4 | 38806 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 67266 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54617376 |
| 171000000 | Interest Earned | RP-9 | 81862 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3543006 |
| 350000000 | Other Liabilities | RP-36 | 2461766 |
| Non operating | | | |
| 180000000 | Other Income | RP-10 | 537855 |
| 350000000 | Deposits Received | RP-34 | 924991 |
| 431000000 | Other Liabilities | RP-36 | 2812512 |
| 460000000 | Sundry Debtors (Receivables) | RP-43 | 577594 |
| 460000000 | Loans, Advances and Deposits | RP-47 | 702006 |
| Grand Total | | | 84733701 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2311248 |
| 220000000 | Administrative Expenses | RP-12 | 1140957 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 749580 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10818152 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23142899 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 7868026 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 43623 |
| 255000000 | Maintance Projects | RP-20 | 3189007 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 5000 |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 15000 |
| 280000000 | Prior Period Item | RP-26 | 32000 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 638383 |
| 350000000 | Other Liabilities | RP-36 | 2381477 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 65 |

| | | | |
|---|---|---|---|
| | | RP-34 | 615153 |
| 350000000 | Other Liabilities | RP-36 | 2911975 |
| 410000000 | Fixed Assets | RP-38 | 13626564 |
| 412000000 | Capital Work in Progress | RP-40 | 817920 |
| 460000000 | Loans, Advances and Deposits | RP-47 | 702006 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 13666503<br>57874 |
| Grand Total | | | 84733701 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF EDAKKAD BLOCK PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from panchayat properties | I-3 | 1550618 |
| 140000000 | Fees & User Charges | I-4(b) | 38806 |
| 150000000 | Sale & Hire Charges | I-5(b) | 67266 |

| | | | |
|---|---|---|---|
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 79323680 |
| 171000000 | Interest Earned | I-8 | 81862 |
| 180000000 | Other Income | I-9 | 537855 |
| A | Total Income | | 81600087 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2311248 |
| 220000000 | Administrative Expenses | I-11(b) | 1140957 |
| 230000000 | Operations & Maintenance | I-12(b) | 749580 |
| 240000000 | Interest & Finance Charges | I-13 | 65 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 15277035 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21784496 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4934485 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 43623 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | I-14(e) | 3189007 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 5000 |
| 260000000 | Grants,Contributions & Compensations from Own Fund | I-15 | 15000 |
| 272000000 | Depreciation | I-17(a) | 5547986 |
| B | Total Expenditure | | 54998482 |
| C=A-B | Gross Surplus / Defict Income over Expenditure | | 26601605 |
| D= 280000000 | Prior Period Item | I-18 | -6260 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 26607865 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF EDAKKAD BLOCK PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount ₹ |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -13143 |
| 312000000 | Reserves | B-3 | 58633563 |
| | Total Reserve & Surplus | | 58620420 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 8142858 |
| | Total Grants,Contribution for specific purposes | | 8142858 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1034881 |
| 350000000 | Other Liabilities | B-9 | 13674 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 1048555 |
| | TOTAL LIABILITIES | | 67811833 |
| | <u>ASSETS</u> | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59902974 |
| 411000000 | Accumulated Depreciation | B-11 | -11006326 |
| 412000000 | Capital Work In Progress | B-11(a) | 4225365 |
| | Total Fixed Assets | | 53122013 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 965443 |
| 450000000 | Cash and Bank balance | B-17 | 13724377 |
| 460000000 | Loans, Advances and Deposits | B-18 | 0 |
| | Total Current Assets,Loans and Advances | | 14689820 |
| | TOTAL ASSETS | | 67811833 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ